I ഇ.ബി. XV - കേരള നിയമസഭ/IV-7

## പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 മാർച്ച് 14, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 3398-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 3398-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II. അറിയിപ്പ്

ഗവർണറുടെ സന്ദേശം

2022 ഫെബ്രുവരി 24-ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണർ നൽകിയ മറുപടി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## III. ചരമോപചാരം

പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ നിര്യാണം

മുസ്ലീംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## IV അടിയന്തരപ്രമേയം

സിൽവർ ലൈൻ പദ്ധതി

മി. സ്പീക്കർ: പരിസ്ഥിതിക്ക് കനത്ത ആഘാതം സൃഷ്ടിക്കുന്നതും കേരളത്തിന്റെ പരിതാപകരമായ സാമ്പത്തികാവസ്ഥയ്ക്ക് താങ്ങാനാവാത്തതുമായ സിൽവർ ലൈൻ പദ്ധതിക്കെതിരായി സംസ്ഥാനത്തുടനീളം ഉയർന്നുവരുന്ന പ്രതിഷേധങ്ങളെ

അവഗണിച്ചുകൊണ്ട് പദ്ധതിയുമായി മുന്നോട്ടുപോകാനുള്ള സർക്കാരിന്റെ തീരുമാനത്തെത്തുടർന്ന് ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സിൽവർ ലൈൻ പദ്ധതി കേരളത്തിന്റെ ഭാവിക്ക് പ്രധാനപ്പെട്ട ഒന്നായതിനാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യാവുന്നതാണ്.

(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

## V ശ്രദ്ധക്ഷണിക്കൽ

### (1) യുക്രൈനിൽനിന്നും മടങ്ങിവന്ന വിദ്യാർത്ഥികളുടെ തുടർവിദ്യാഭ്യാസം

ശ്രീ. സി. കെ. ഹരീന്ദ്രൻ : റഷ്യ-യുക്രൈൻ യുദ്ധത്തിന്റെ ഭാഗമായി മെഡിക്കൽ വിദ്യാഭ്യാസമുൾപ്പെടെ വിവിധ പ്രൊഫഷണൽ കോഴ്സുകൾ പൂർത്തിയാക്കാൻ കഴിയാതെ ഇന്ത്യയിൽ തിരിച്ചെത്തിയ അവസാന വർഷ മെഡിക്കൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ സംവിധാനത്തിലൂടെ അവരുടെ കോഴ്സ് പൂർത്തീകരിക്കുവാനും ഇന്റേൺഷിപ്പ് ചെയ്യുന്നതിനും ഫോറിൻ

മെഡിക്കൽ ഗ്രാഡ്യുവേറ്റ് എക്സാമിനേഷൻ എഴുതുന്നതിനുള്ള അനുമതി നൽകുന്നതിനും ഒന്നാം വർഷം മുതൽ അഞ്ചാം വർഷംവരെയുള്ള വിദ്യാർത്ഥികൾക്ക് ഇനി യുക്രൈനിൽ പോയി പഠിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ പ്രസ്തുത സിലബസ് ഫോളോ ചെയ്യുന്ന മറ്റേതെങ്കിലും രാജ്യത്തുപോയി പഠനം പൂർത്തിയാക്കുന്നതിനും നിലവിലുള്ള നിയന്ത്രണങ്ങളിൽ ഇളവ് നൽകുന്നതിനുമുള്ള ഇടപെടൽ കേന്ദ്ര/സംസ്ഥാന സർക്കാരിന്റെയും നാഷണൽ മെഡിക്കൽ കമ്മീഷന്റെയും ഭാഗത്തുനിന്നുമുണ്ടാകണം. ട്രാൻസ്ഫറിലൂടെ തുടർന്നുപഠിക്കാനുള്ള സാഹചര്യമുണ്ടായാൽ വിദ്യാഭ്യാസ വായ്പ ട്രാൻസ്ഫർ ചെയ്തു നൽകുന്നതിനുള്ള നിയന്ത്രണങ്ങൾ പൂർണ്ണമായും ഒഴിവാക്കി നൽകാനും സർട്ടിഫിക്കറ്റുകളും അനുബന്ധ രേഖകളും നഷ്ടമായവർക്ക് അവയുടെ പകർപ്പ് യഥാസമയം ലഭ്യമാക്കാനും വിദേശ രാജ്യങ്ങളിൽ ഉപരിപഠനം നടത്തുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനായി പ്രത്യേക പോർട്ടൽ രൂപീകരിക്കാനുമുള്ള നടപടികളുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): യുദ്ധത്തെത്തുടർന്ന് യുക്രൈനിൽ അകപ്പെട്ട വിദ്യാർത്ഥികളുൾപ്പെടെയുള്ള മലയാളികളെ നാട്ടിലെത്തിക്കുന്നതിന് സംസ്ഥാന സർക്കാർ നിർണ്ണായക പങ്കാണ്

വഹിച്ചിട്ടുള്ളത്. വിവിധ കോഴ്സുകളിൽ വ്യത്യസ്ത സെമസ്റ്ററുകളിലായി പഠനം നടത്തിവരവെ നാട്ടിലേയ്ക്ക് തിരികെ വന്ന വിദ്യാർത്ഥികളുടെ തുടർപഠനം ഉറപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണ്. സർട്ടിഫിക്കറ്റുകളും മറ്റ് വിലപ്പെട്ട രേഖകളും കൈമോശം വന്നവർക്ക് അവ വീണ്ടെടുക്കാനും പഠനം തുടരാനും കഴിയുന്ന സാഹചര്യം ഒരുക്കേണ്ടതിന് നോർക്കയുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് പ്രത്യേക സെൽ പ്രവർത്തിക്കുന്നതാണ്. ഇതിനായി അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പത്തുകോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. യുക്രൈനിൽനിന്നും മടങ്ങിവന്ന മെഡിക്കൽ വിദ്യാർത്ഥികളുടെ തടർപഠനം സംബന്ധിച്ച് ദേശീയ മെഡിക്കൽ കമ്മീഷന്റെ നിർദ്ദേശാനുസരണം മാത്രമേ തീരുമാനം കൈക്കൊള്ളാനാവൂ. കോവിഡ് മഹാമാരി, യുദ്ധം തുടങ്ങിയ അസാധാരണവും നിർബന്ധിതവുമായ സാഹചര്യങ്ങളിൽ ഇന്റേൺഷിപ്പ് ചെയ്യാതെയോ പൂർത്തിയാക്കാതെയോ തിരിച്ചെത്തുന്ന മെഡിക്കൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് പൂർത്തിയാക്കുന്നതിന് കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. യുദ്ധം കാരണം മെഡിക്കൽ വിദ്യാഭ്യാസമുൾപ്പെടെ വിവിധ കോഴ്സുകളിലെ പഠനം നിർത്തി നാട്ടിലേയ്ക്ക് മടങ്ങുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പഠനം പൂർത്തിയാക്കുന്നതിന്

സാധ്യമായ എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിക്കുന്നതാണ്.

## (2) പ്രവൃത്തി സമയത്തിനുശേഷം പൊതുവിദ്യാലയങ്ങളിലെ ഗ്രൗണ്ടുകൾ വിട്ടുനൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. വിൻസെന്റ്: സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ കീഴിലുള്ള ഗ്രൗണ്ടുകൾ സ്കൂൾ പ്രവൃത്തി സമയത്തിനുമുമ്പും അതിനുശേഷവും കായിക താരങ്ങൾക്കും വിവിധ പരീക്ഷകൾക്ക് കായികക്ഷമത ഉറപ്പുവരുത്തേണ്ട ഉദ്യോഗാർത്ഥികൾക്കും പ്രഭാതസവാരി നടത്തുന്നവർക്കും ഉപയോഗിക്കാൻ അനുമതി നൽകണം. സംസ്ഥാന സർക്കാരിന്റെയും എം.എൽ.എ.-മാരുടെയും ആസ്തി വികസന ഫണ്ടുപയോഗിച്ച് സ്കൂൾ ഗ്രൗണ്ടുകളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ സൗഹൃദ കമ്മിറ്റികൾ രൂപീകരിച്ച് ഗ്രൗണ്ടിന്റെ പരിപാലനം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): പൊതുവിദ്യാലയങ്ങളിലെ സ്ഥലസൗകര്യങ്ങൾ പൊതുസമൂഹത്തിന്റെ ആരോഗ്യത്തിനായി വിനിയോഗിക്കുന്നതിലൂടെ സ്കൂൾ

ഗ്രൗണ്ടുകളുടെ പ്രയോജനകരമായ വിനിയോഗവും അതുവഴി സമൂഹത്തിന് നേട്ടവും സാധ്യമാകുമെങ്കിലും ചില പ്രായോഗിക തടസ്സങ്ങൾ നിലവിലുണ്ട്. സ്കൂളിന്റെ ആസ്തികൾക്ക് കേടുപാടുകളുണ്ടാകില്ലെന്നും സ്കൂൾ പരിസരം സാമൂഹ്യവിരുദ്ധരുടെ ദുരുപയോഗത്തിന് വിധേയമാകില്ലെന്നും ഉറപ്പാക്കേണ്ടതുണ്ട്. കൂടാതെ സ്കൂൾ പരിസരങ്ങൾ വിദ്യാഭ്യാസപരമല്ലാത്ത ആവശ്യങ്ങൾക്ക് നൽകാൻ പാടില്ലെന്ന ഹൈക്കോടതി ഉത്തരവും അതിന്മേൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങളും നിലനിൽക്കുകയുമാണ്. പൊതുവിദ്യാലയങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലായതിനാൽ ഫലപ്രദമായ പ്രാദേശിക മേൽനോട്ട സംവിധാനങ്ങൾ ഒരുക്കി ഇത്തരം പരിമിതികൾ മറികടക്കുന്നതിനുള്ള നയപരമായ ചട്ടക്കൂടും നടപടിക്രമങ്ങളും സംസ്ഥാന സർക്കാർ തയ്യാറാക്കുന്ന കായിക നയത്തിൽ ഉൾക്കൊള്ളിക്കുന്നതാണ്. പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിൽ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. നിലവിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ വിവിധ ജില്ലകളിലായി നിർമ്മിച്ചുവരുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയങ്ങളും 'ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം' പദ്ധതിയും താമസംവിനാ നടപ്പിലാക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ പൂർണ്ണമായ

പരിഹാരം ഉണ്ടാകുന്നതാണ്.

## VI സബ്മിഷൻ

### (1) ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി വാങ്ങുന്ന സ്ഥലം സംബന്ധിച്ച നിബന്ധന

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): റവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയതും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഡാറ്റാ ബാങ്കിൽ കൺവെർട്ടഡ് ലാൻഡ് എന്ന് രേഖപ്പെടുത്തിയതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും വിജ്ഞാപനം ചെയ്യപ്പെടാത്തതുമായ ഭൂമി ലൈഫ് മിഷൻ പദ്ധതിയിലെ ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് വീടുവയ്ക്കുന്നതിനായി വാങ്ങാനുള്ള അനുമതി നൽകണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): ലൈഫ് പദ്ധതിപ്രകാരമുള്ള ഭവന/കെട്ടിട നിർമ്മാണാനുമതി ലഭിക്കുന്നതിന് കേരള പഞ്ചായത്ത്/മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാണ്. നിലംനികത്ത് പുരയിടം, വെള്ളക്കെട്ട് എന്നിങ്ങനെയുള്ള ഭൂമിക്ക് ചട്ടപ്രകാരം നിർമ്മാണാനുമതി ലഭിക്കാൻ തടസ്സമുണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നെൽവയലുകൾ/തണ്ണീർത്തടങ്ങൾ/1998-ന് ശേഷം നികത്തപ്പെട്ട സ്ഥലങ്ങൾ എന്നിവയ്ക്ക് ബാധകമായതിനാൽ ഇത്തരം

സ്ഥലങ്ങൾ ലൈഫ് ഭവന പദ്ധതിക്കായി വാങ്ങുന്നതിന് നിയമപരമായി സാധിക്കില്ല. 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതി പ്രകാരം റവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും 2008-ന് മുമ്പ് നികത്തപ്പെട്ടതുമായ സ്ഥലത്ത് റവന്യൂ ഡിവിഷണൽ ഓഫീസറുടെ തരംമാറ്റൽ അനുമതി ലഭ്യമാക്കി ഭവന നിർമ്മാണം നടത്താവുന്നതും ടി ആനുകൂല്യം ലൈഫ് പദ്ധതി ഗുണഭോക്താക്കൾക്കും ഉപയോഗപ്പെടുത്താവുന്നതുമാണ്. ലൈഫ് പദ്ധതി ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നത് സംബന്ധിച്ച് 2019-ൽ പുറപ്പെടുവിച്ച വിശദീകരണത്തിൽ റവന്യൂ രേഖകളിൽ പുരയിടം എന്ന് രേഖപ്പെടുത്തിയ വസ്തു മാത്രമേ വാങ്ങാൻ പാടുള്ളൂവെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടത്തിൽ ആവശ്യമായ ഇളവ് വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (2) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടിക്രമം

ശ്രീ. പി. കെ. ബഷീർ: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുനൽകുന്ന ഭൂമി രജിസ്റ്റർ ചെയ്ത് ആസ്തി വികസന രജിസ്റ്ററിൽ ചേർക്കണമെന്ന നിബന്ധന ഒഴിവാക്കി ലാൻഡ് റിലിൻക്വിഷ്മെന്റ് ഫോറം മുഖേന ഭൂമി നൽകുന്ന മുൻകാലരീതി തുടരുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): നിലവിലുള്ള നിയമപ്രകാരം റിലിൻക്വിഷ്മെന്റ് ഫോറം വഴി പഞ്ചായത്തുകൾക്ക് സ്ഥാവര വസ്തു ആർജ്ജിക്കാൻ സാധിക്കില്ല. 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾപ്രകാരം ഭൂമി വിലയ്ക്കെടുക്കൽ ആക്ടുപ്രകാരമോ ഉഭയസമ്മതപ്രകാരമോ സൗജന്യമായോ പഞ്ചായത്തുകൾ ആർജ്ജിക്കുന്ന വസ്തുക്കൾ സബ് രജിസ്ട്രാർ ഓഫീസുവഴി പഞ്ചായത്തിന്റെ പേരിലേയ്ക്ക് രജിസ്റ്റർ ചെയ്ത് വാങ്ങുന്നതിന് രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കി നൽകിയിട്ടുള്ളതും ഇപ്രകാരം ആർജ്ജിക്കുന്ന സ്വത്തുക്കളോടൊപ്പം പഞ്ചായത്തിൽ നിക്ഷിപ്തമാകുന്ന സ്ഥാവര സ്വത്തുക്കളും ആസ്തി രജിസ്റ്ററിൽ ചേർക്കാവുന്നതുമാണ്. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ഇതുസംബന്ധിച്ച സർക്കുലർ പഞ്ചായത്ത് ഡയറക്ടർ നൽകുകയും ചെയ്തിട്ടുള്ളതിനാൽ ലാൻഡ് റിലിൻക്വിഷ്മെന്റ് ഫോറം ഉപയോഗിക്കേണ്ട ആവശ്യം വരുന്നില്ല. പഞ്ചായത്ത്‌രാജ് ആക്ടിലെ ടി വ്യവസ്ഥ ഭേദഗതി ചെയ്യുന്ന കാര്യം ആലോചിച്ച് തീരുമാനിക്കാവുന്നതാണ്.

(3) ജനമൈത്രി ട്രൈബൽ എക്സൈസ് റേഞ്ച് ഓഫീസ്

ശ്രീ. ഡി. കെ. മുരളി: പാലോട് കേന്ദ്രമാക്കി മാതൃകാ ട്രൈബൽ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): തിരുവനന്തപുരം ജില്ലയിൽ വിമുക്തി മിഷൻ പുതുതായി ആരംഭിക്കുന്ന ഡീ അഡിക്ഷൻ സെന്ററുകളിലൊന്ന് പാലോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മദ്യത്തിനും മയക്കുമരുന്നതിനും അടിമപ്പെടുന്ന പ്രവണത ഒഴിവാക്കുന്നതിനും പുതിയ തലമുറയെ ലഹരി ഉപയോഗത്തിൽനിന്നും പിന്തിരിപ്പിക്കുന്നതിനുമാവശ്യമായ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനുമായി പാലോട് കേന്ദ്രമാക്കി ജനമൈത്രി എക്സൈസ് സ്ക്വാഡ് ഓഫീസ് രൂപീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(4) കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ.-യുടെ പ്രവർത്തനം

ശ്രീമതി കാനത്തിൽ ജമീല: കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ. ഫസ്റ്റ് ഗ്രേഡ് ആയി അപ്ഗ്രേഡ് ചെയ്യാനും പുതിയ ട്രേഡുകൾ

അനുവദിക്കാനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ.-യിലെ നിലവിലുള്ള പത്ത് ട്രേഡുകൾക്ക് പുറമെ ഇലക്ട്രീഷ്യൻ, വെൽഡർ എന്നീ ട്രേഡുകൾ കൂടി ആരംഭിക്കാനും അതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കാനുള്ള ശിപാർശയ്ക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ സ്ഥാപനത്തെ ഒന്നാം ഗ്രേഡിലേയ്ക്ക് ഉയർത്തുന്നതാണ്.

(5) വടക്കേക്കളം പ്ലാന്റേഷൻ ലിമിറ്റഡിൽ നിന്ന് ഏറ്റെടുത്ത മിച്ചഭൂമി വിതരണം ചെയ്യൽ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസ് അടിയന്തരമായി തീർപ്പാക്കാനും തർക്കരഹിത ഭൂമി സമയബന്ധിതമായി ഭൂരഹിതർക്ക് വിതരണം ചെയ്യാനുമുള്ള ഇടപെടലുണ്ടാകണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ മിച്ചഭൂമിയായ 73.73 ഏക്കർ ഭൂമിയിൽ നിന്ന് 63.73 ഏക്കർ ഭൂമി ഭൂരഹിതർക്ക് നൽകാനും ബാക്കിയുള്ള ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി

സഹകരണ വകുപ്പിന് കൈമാറുന്നതിനും ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിനെതിരെ വടക്കേക്കളം പ്ലാന്റേഷൻ ഫയൽ ചെയ്ത കേസിൽ സ്ഥലമേറ്റെടുക്കാനുള്ള നടപടി സ്റ്റേ ചെയ്തെങ്കിലും കേസിൽ അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല. കേസ് തീർപ്പാക്കുന്ന മുറയ്ക്ക് ഭൂമിയേറ്റെടുത്ത് ഭൂരഹിതരായ ആളുകൾക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(6) കുറ്റ്യാടി വലതുകര കനാൽ നവീകരണം

ശ്രീ. ഇ. കെ. വിജയൻ: നാദാപുരം മണ്ഡലത്തിലെ മരുതുങ്കര പഞ്ചായത്തിൽ തകർന്ന കുറ്റ്യാടി വലതുകര കനാൽ അടിയന്തരമായി പൂർവ്വസ്ഥിതിയിലാക്കാനും കനാൽ കൃത്യമായി മെയിന്റനൻസ് ചെയ്യാനുമുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കുറ്റ്യാടി ജലസേചന പദ്ധതിയുടെ വലതുകര മെയിൻ കനാൽ തകർന്നതുമൂലം വടകര താലൂക്കിൽ കുടിവെള്ളക്ഷാമത്തിനും നെൽകൃഷിക്കും ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കനാൽ ജലവിതരണയോഗ്യമാക്കുന്നതിന് 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിക്കുകയും ഭരണാനുമതി നൽകി പ്രവൃത്തി ഉടൻ പൂർത്തീകരിക്കുന്നതുമാണ്. സാമ്പത്തിക ലഭ്യതക്കുറവുണ്ടെങ്കിൽ ധനപുനർവിനിയോഗം വഴി തുക

ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും പദ്ധതിയുടെ മേൽനോട്ടത്തിനായി കണ്ണൂർ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കനാൽ നവീകരണത്തിനായി 180 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ആവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. അടിയന്തര പ്രാധാന്യമർഹിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി വ്യക്തമാക്കി സർക്കാരിലേയ്ക്ക് സമർപ്പിക്കാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(7) കുണ്ടറയിലെ കുടിവെള്ള ക്ഷാമം

ശ്രീ. പി. സി. വിഷ്ണുനാഥ്: കുണ്ടറയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ജൽജീവൻ മിഷന്റെ ഭാഗമായി കുണ്ടറ നിയോജകമണ്ഡലത്തിൽ കുടിവെള്ളമെത്തിക്കുന്നതിനായി നിലവിലുള്ള ജലസ്രോതസ്സുകളിൽ നിന്നുള്ള പമ്പിംഗും അറ്റകുറ്റപ്പണികളും അടിയന്തരമായി ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പുമായുള്ള തർക്കങ്ങൾ

പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് തർക്കങ്ങളുണ്ടെങ്കിൽ എം.എൽ.എ.-മാർ നേരിട്ട് പൊതുമരാമത്ത് വകുപ്പുസെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ അടിയന്തരമായി പരിഹരിക്കുന്നതാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കുടിവെള്ളം ടാങ്കർ ലോറികളിൽ എത്തിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് പ്ലാൻ ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് ജില്ലാ കളക്ടർക്ക് അനുവാദം നൽകുന്നതാണ്.

(8) അറ്റപ്പിള്ളി റെഗുലേറ്റർ - കം - ബ്രിഡ്ജ് നിർമ്മാണം

ശ്രീ. കെ. കെ. രാമചന്ദ്രൻ: അറ്റപ്പിള്ളി റെഗുലേറ്റർ -കം - ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തിയാക്കാനും അപ്രോച്ച് റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): 2008-ൽ നബാർഡിന്റെ സഹായത്തോടെ ആരംഭിച്ച് കാലാവധി കഴിഞ്ഞതിനെത്തുടർന്ന് മുടങ്ങിപ്പോയ പദ്ധതിയുടെ ശേഷിച്ച പ്രവൃത്തിക്ക് 7 കോടി രൂപയുടെ ഭരണാനുമതിയും 693 ലക്ഷം രൂപയുടെ

സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. അറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് വഴിയുള്ള പൊതുഗതാഗതം പുന:സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് സമർപ്പിക്കുന്നതിനും റെഗുലേറ്റർ-കം-ബ്രിഡ്ജ് പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും കെ.ഇ.ആർ.ഐ. ഡയറക്ടറെ ചുമതലപ്പെടുത്തുകയും റോഡ് ടെസ്റ്റിംഗ് നടത്തി കാറുകളും ചെറുവാഹനങ്ങളും കടന്നുപോകുന്നതിന് താൽക്കാലിക ഗതാഗത സംവിധാനം ഒരുക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. റെഗുലേറ്റർ-കം-ബ്രിഡ്ജ് പ്രവർത്തന സജ്ജമാക്കുന്നതുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, പ്രൊപ്പോസൽ എന്നിവ കെ.ഇ.ആർ.ഐ. ഡയറക്ടർ ഐ.ഡി.ആർ.ബി.ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട യോഗം എം.എൽ.എ.- യുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുചേർത്തിട്ടുണ്ട്. ടി വിഷയം പരിഹരിക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്.

### (9) <u>കൊയ്ത്തും നെല്ല് സംഭരണവും</u>

<u>ശ്രീ. എച്ച്. സലാം</u>: കുട്ടനാട്ടിൽ കൊയ്ത്തും നെല്ല് സംഭരണവും സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>) : ആലപ്പുഴ ജില്ലയിലെ പുഞ്ചകൃഷി കൊയ്ത്തുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും റോഡ് മാർഗ്ഗം സാധാരണ പ്രദേശങ്ങളിൽ കൊണ്ടുവരുന്ന കൊയ്ത്ത്-മെതി യന്ത്രങ്ങൾക്ക് മണിക്കൂറിന് 1900/- രൂപയും ചങ്ങാടംവഴി കൊണ്ടുവരുന്ന യന്ത്രങ്ങൾക്ക് പാടശേഖരങ്ങളിൽ മണിക്കൂറിന് പരമാവധി 2000/- രൂപയുമായി നിരക്ക് നിജപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കൊയ്ത്തിന്റെ സുഗമമായ നടത്തിപ്പിനായി പഞ്ചായത്ത് തലത്തിൽ കമ്മിറ്റി രൂപീകരിക്കുന്നതിനും കൊയ്ത്തുമെതി യന്ത്രങ്ങളുടെ ലഭ്യത ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ ഏജന്റുമാർ അറിയിക്കണമെന്നും ജില്ലയിലെ പാടശേഖരങ്ങളുടെ വിളവെടുപ്പിന്റെ മുൻഗണനാ പട്ടിക തയ്യാറാക്കി പട്ടികയ്ക്കനുസൃതമായി യന്ത്രങ്ങൾ ലഭ്യമാക്കുന്നതിന് സാധിക്കുമോയെന്ന് പരിശോധിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. കുറഞ്ഞ റേറ്റിൽ കൊയ്ത്ത് നടത്തുവാൻ തയ്യാറാകുന്ന ഏജന്റുമാർക്ക് ലേലനടപടികളിലൂടെ കരാർ നൽകുന്നതും ഏജന്റുമാർ കൊണ്ടുവരുന്ന കൊയ്ത്തുമെതി യന്ത്രങ്ങളുടെ കാര്യക്ഷമത പരിശോധിക്കാൻ പ്രത്യേക ടീമിനെ ചുമതലപ്പെടുത്തുന്നതുമാണ്. ഓരോ പാടശേഖരങ്ങളിൽനിന്നും നെല്ലെടുക്കുന്നതിന് മില്ലുകളെ മുൻകൂട്ടി

സപ്ലൈകോ നിശ്ചയിച്ച് നൽകാറുണ്ട്. പ്രകൃതിക്ഷോഭങ്ങൾമൂലം കർഷകർ ദുരിതമനുഭവിക്കുന്ന സാഹചര്യത്തിൽ മില്ലുടമകളും കർഷകരുമായി പാഡി മാർക്കറ്റിംഗ് ഓഫീസർമാർ ചർച്ച ചെയ്ത് ന്യായമായ കിഴിവിന്റെയടിസ്ഥാനത്തിൽ നെല്ല് സംഭരിക്കാറുണ്ട്. കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ കൊയ്ത്തിന്റെ മേൽനോട്ടത്തിന് ഉയർന്ന ഉദ്യോഗസ്ഥരടങ്ങുന്ന പ്രത്യേക സെല്ലിനെ ചുമതലപ്പെടുത്തുന്നതും ഈ പ്രദേശങ്ങളിലെ എം.എൽ.എ.-മാരെ പങ്കെടുപ്പിച്ച് അവലോകനയോഗം നടത്തുന്നതുമാണ്.

(10) കാലടി സമാന്തര പാലത്തിന്റെ നിർമ്മാണം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: കാലടി സമാന്തര പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കാലടി സമാന്തര പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ജൂൺ 14-ന് പ്രദേശത്തെ എം.എൽ.എ.-മാരുമായി പ്രസ്തുത സ്ഥലം സന്ദർശിക്കുകയും പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഗസ്റ്റ് 12-ന് വ്യവസായ വകുപ്പുമന്ത്രിയും എം.എൽ.എ.-മാരും എല്ലാ രാഷ്ട്രീയ പ്രതിനിധികളും ഉൾപ്പെടുന്ന യോഗത്തിൽ

എറണാകുളം ജില്ലയിലെ എം.സി. റോഡിൽ കാലടി സമാന്തര പാലം നിർമ്മിക്കണമെന്ന പൊതുധാരണയിലെത്തിയിട്ടുണ്ട്. ടി പ്രവൃത്തിക്കായി ഭൂവുടമകൾ സ്ഥലം അഡ്വാൻസായി വിട്ടുനൽകുന്നതിനുള്ള സമ്മതപത്രം നൽകുകയും സമാന്തര പാലത്തിനുള്ള ഡിസൈനിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പാലം നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭ്യമായതിനാൽ ടെണ്ടർ നടപടിയിലേയ്ക്ക് കടക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## VII റിപ്പോർട്ട് സമർപ്പണം

മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമർപ്പിച്ചു.

## VIII ധനകാര്യം

2022-2023 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. ചിറ്റയം ഗോപകുമാർ): ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ദീർഘകാല വികസനം ലക്ഷ്യമിടുന്ന ജനകീയ ബഡ്ജറ്റാണിത്. കോവിഡും പ്രകൃതിദുരന്തങ്ങളും കാലിക യുദ്ധസാഹചര്യങ്ങളുമൊക്കെ അതിജീവിക്കുന്നതിനുള്ള ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. കോവിഡ് മഹാമാരി കാരണം

പ്രതിസന്ധി നേരിടുന്ന മേഖലകൾക്ക് ആശ്വാസം പകരുന്നതിനുപകരം കോർപ്പറേറ്റുകളെ സഹായിക്കുന്ന സമീപനമാണ് കേന്ദ്ര ബഡ്ജറ്റിലൂള്ളത്. ജി.എസ്.ടി. നഷ്ടപരിഹാരം അഞ്ചുവർഷംകൂടി നീട്ടിനൽകണമെന്ന സംസ്ഥാനങ്ങളുടെ ആവശ്യം പരിഗണിക്കാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല. കേരളത്തിന്റെ സാമൂഹിക-ഭൗതിക-പശ്ചാത്തല മേഖലകളെ മുന്നോട്ടുനയിക്കാനുള്ള സംസ്ഥാന ബഡ്ജറ്റിലെ പദ്ധതികൾ സ്വാഗതാർഹമാണ്.

ബഡ്ജറ്റിൽ വ്യവസായ മേഖലയ്ക്കായി 1226.66 കോടി രൂപ വകയിരുത്തിയതും പൊതുമേഖലാ വ്യവസായ യൂണിറ്റുകളുടെ പുനരുജ്ജീവനത്തിന് അഞ്ചിന കർമ്മപരിപാടി പ്രഖ്യാപിച്ചതും ശ്ലാഘനീയമാണ്. എൻ.എച്ച്.66-ന്റെ വികസനം സാദ്ധ്യമാക്കിയതും തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള പ്രധാന റോഡുകളെ ബന്ധിപ്പിച്ചുള്ള ഔട്ടർ റിംഗ് റോഡിന് ഭാരത് മാല പരിയോജന പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം നേടാൻ കഴിഞ്ഞതും ശ്രദ്ധേയമാണ്. പൊതുമരാമത്ത് വകുപ്പിൽ പ്രൈസ് സോഫ്റ്റ്‌വെയർ സൗകര്യം ഏർപ്പെടുത്താനും ദീർഘകാല കരാർ ഉറപ്പാക്കുന്നതിന് ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബേസ്ഡ് റോഡ് മെയിന്റനൻസ് കോൺട്രാക്ട് സംവിധാനം നടപ്പിലാക്കാനും പി.ഡബ്ല്യൂ.ഡി.

റെസ്റ്റ് ഹൗസുകളുടെ സേവനം പൊതുജനങ്ങൾക്കുകൂടി പ്രാപ്യമാക്കാനും സാധിച്ചിട്ടുണ്ട്. കെ-ഡിസ്ക് വഴി നടപ്പിലാക്കുന്ന യംഗ് ഇന്നവേറ്റേഴ്സ് പദ്ധതി അഭിനന്ദനാർഹമാണ്. പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനോടൊപ്പം ആദിവാസി മേഖലയിൽ സഞ്ചരിക്കുന്ന റേഷൻ കടകൾ, 'വിശപ്പുരഹിത കേരളം' പദ്ധതിയുടെ ഭാഗമായി 'സുഭിക്ഷ ഹോട്ടലുകൾ' എന്നിവ ആരംഭിക്കാനും റേഷൻ കടകളുടെ പശ്ചാത്തല സൗകര്യവികസനം സാദ്ധ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. എല്ലാ നിയോജകമണ്ഡലങ്ങളിലും സഞ്ചരിക്കുന്ന റേഷൻ കടകൾ ആരംഭിക്കുമെന്നും വിലക്കയറ്റം തടയുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമായി 2000 കോടി രൂപ വകയിരുത്തിയിരിക്കുന്നുമെന്നുമുള്ള പ്രഖ്യാപനങ്ങൾ അഭിനന്ദനാർഹമാണ്. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി നവീകരിച്ചതും റീസർവ്വേ നടപടികൾ ആധുനിക സാങ്കേതികവിദ്യയിലൂടെ പൂർത്തീകരിക്കാൻ നടപടികളാരംഭിച്ചതും കൈവശഭൂമിക്ക് പട്ടയം നൽകിയതും ശ്ലാഘനീയമാണ്. ഭൂമി തരം മാറ്റുന്നതിന് ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്നതിനും അപേക്ഷയിന്മേൽ ആറുമാസത്തിനകം തീർപ്പുകൽപ്പിക്കുന്നതിനുമുള്ള സംവിധാനം റവന്യൂ വകുപ്പിൽ നടപ്പിലാക്കി.

പൊതുജനാരോഗ്യമേഖലയ്ക്കായി മുൻവർഷത്തേക്കാൾ 288 കോടി രൂപ അധികമായി വകയിരുത്തിയത് സ്വാഗതാർഹമാണ്. ആർദ്രം മിഷൻ നടപ്പിലാക്കാനും നീതി ആയോഗിന്റെ ദേശീയ ആരോഗ്യ സൂചികയിൽ കേരളത്തിന് വീണ്ടും ഒന്നാം സ്ഥാനം ലഭിച്ചതും അഭിനന്ദനാർഹമാണ്.

വെന്റിലേറ്റർ സൗകര്യം ലഭ്യമല്ലായെന്ന കാരണത്താൽ സ്വകാര്യ ആശുപത്രികൾ രോഗികളെ മടക്കി അയയ്ക്കുന്ന വിഷയം ഗൗരവമായി പരിശോധിക്കുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും വേണം. സ്വകാര്യ ആശുപത്രികളിൽ തീവ്രപരിചരണ വിഭാഗത്തിൽ വെന്റിലേറ്ററിൽ കഴിയുന്ന രോഗികളുടെ ചികിത്സാ വിവരങ്ങൾ കൂട്ടിരിപ്പുകാർക്ക് ലഭ്യമാകുന്നവിധത്തിൽ സാങ്കേതിക ക്രമീകരണം ഏർപ്പെടുത്തണം. പൊയ്കയിൽ കുമാരഗുരുദേവന്റെ ജയന്തി അവധി ദിനമായി പ്രഖ്യാപിക്കണമെന്ന ആവശ്യവും പട്ടികജാതി വികസന മേഖലയിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങളും പരിഗണിച്ച് അനുഭാവപൂർവ്വം നടപടികൾ സ്വീകരിക്കണം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി 20000 കോടി രൂപയുടെ ഉത്തേജക പാക്കേജ് രണ്ടാമതും ബഡ്ജറ്റിലുൾപ്പെടുത്തിയതും ദാരിദ്ര്യത്തിന്റെ തോത്

ഒരു ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞതും പ്രശംസനീയമാണ്. വിലക്കയറ്റം തടയാനുള്ള നടപടികൾക്കായി 2000 കോടി രൂപയും സയൻസ് പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി 1000 കോടി രൂപയും കേരള ജിനോമിക്സ് ഡാറ്റാ സെന്ററിനുവേണ്ടി 500 കോടി രൂപയും നീക്കിവച്ചത് അഭിനന്ദനാർഹമാണ്. കെ.എസ്.ആർ.ടി.സി.ക്ക് 1000 കോടി രൂപ വകയിരുത്തിയതും മാതൃ-ശിശുമരണ നിരക്ക് കുറയ്ക്കാൻ സാധിച്ചതും എടുത്തു പറയേണ്ട കാര്യങ്ങളാണ്. വയനാട് ബ്ലഡ് റിലേറ്റഡ് ഡിസോർഡേഴ്സിനുവേണ്ടിയുള്ള റിസർച്ച് സെന്ററും ആശുപത്രിയും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എ. പി. അനിൽ കുമാർ: ബഡ്ജറ്റിനെ എതിർക്കുന്നു. ധനകാര്യ മാനേജ്മെന്റിന്റെ സമ്പൂർണ്ണ പരാജയം വെളിവാക്കുന്ന ഈ ബഡ്ജറ്റിൽ പ്രഖ്യാപനങ്ങൾ മാത്രമാണുള്ളത്. വാർഷിക പദ്ധതി വിഹിതത്തിൽ വന്നിരിക്കുന്ന കുറവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനത്തെയും പട്ടികജാതി വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ ക്ഷേമ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കും. പ്രഖ്യാപനങ്ങൾക്കുള്ള ഒരു മറയായി കിഫ്ബി മാറിയിരിക്കുകയാണ്. മോട്ടാർ വാഹനങ്ങൾക്ക് നികുതി കൂട്ടിയതും ഭൂനികുതിയുമായി ബന്ധപ്പെട്ട് സ്ലാബ് നിശ്ചയിച്ചതും

പുന:പരിശോധിക്കേണ്ടതാണ്. പുതിയ നികുതി നിർദ്ദേശങ്ങളിലൂടെ ഈ സർക്കാർ ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിച്ചിരിക്കുകയാണ്.

ശ്രീ. ഇ. കെ. വിജയൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വികസന കാഴ്ചപ്പാടിനോടൊപ്പം ആധുനിക ശാസ്ത്ര സാങ്കേതിക മേഖലകളിലെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള ലക്ഷ്യങ്ങളാണ് ബഡ്ജറ്റിലൂടെ മുന്നോട്ട് വയ്ക്കുന്നത്. സംസ്ഥാനങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കുന്ന കേന്ദ്രനയത്തിനെതിരെ പോരാടാൻ കേരളം മുൻകയ്യെടുക്കണം. ഉന്നത വിദ്യാഭ്യാസം, കാർഷികം, വ്യവസായം, ടൂറിസം എന്നീ മേഖലകൾക്ക് മുൻഗണന നൽകിയത് അഭിനന്ദനാർഹമാണ്. വിലക്കയറ്റം നേരിടാൻ 2000 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതും എല്ലാ നിയോജകമണ്ഡലങ്ങളിലേയും പ്രധാന കേന്ദ്രങ്ങളിൽ സഞ്ചരിക്കുന്ന റേഷൻ കടകൾ ആരംഭിച്ചതും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വാതിൽപ്പടി സേവനം ഏർപ്പെടുത്തിയതും കൊല്ലം, കണ്ണൂർ ജില്ലകളിൽ ഐ.ടി. പാർക്കുകൾ ആരംഭിച്ചതും തൊഴിലുറപ്പ് പദ്ധതിയിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസത്തെ അധിക തൊഴിൽ കൂടി ലഭ്യമാക്കിയതും അഭിനന്ദനാർഹമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെത്തുടർന്ന് വിദ്യാഭ്യാസ രംഗം

മെച്ചപ്പെടുത്താൻ സാധിച്ചതും ആരോഗ്യ മേഖലയ്ക്കും കാരുണ്യ ബെനവലന്റ് പദ്ധതിക്കും തുക വകയിരുത്തിയതും പ്രശംസനീയമാണ്. സിൽവർലൈൻ പദ്ധതിക്കായി 2000 കോടി രൂപ വകയിരുത്തിയതും സംസ്ഥാനത്തുടനീളം 2000 വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നതും 2050-ഓടെ കാർബൺ സീറോ സംസ്ഥാനമാകുന്നതിന്റെ ഭാഗമായി 1000 ഇ-ഓട്ടോ നിരത്തിലിറക്കിയതും ശ്ലാഘനീയമാണ്. വീടുകളിൽ സൗരോർജ്ജ പാനലിന് ഫണ്ട് വകയിരുത്തിയതും സ്ത്രീകളുടെ സുരക്ഷ മുൻനിർത്തി ലൊക്കേഷൻ ട്രാക്കിംഗ് ഏർപ്പെടുത്തിയതും അതിദാരിദ്ര്യ ലഘൂകരണത്തിന് 100 കോടി രൂപ വകയിരുത്തിയതും പ്രശംസനീയമാണ്. കൈത്തറി മേഖലയെ പരിപോഷിപ്പിക്കാനുള്ള നടപടി സ്വാഗതാർഹമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റൽ മെസ്സ് അലവൻസ് വർദ്ധിപ്പിച്ചത് അഭിനന്ദനീയമാണ്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രഖ്യാപിച്ചിരിക്കുന്ന പാക്കേജുകൾ പ്രാവർത്തികമാക്കാനുള്ള നടപടി ഉണ്ടാകണം. കേരളത്തിൽ ക്രമസമാധാനപാലനം ഉറപ്പുവരുത്തണം. കിൻഫ്രയുടെ കീഴിൽ പ്രവർത്തിക്കുന്ന കുറ്റിപ്പുറത്തെ വ്യവസായ പാർക്കിലെ പ്ലോട്ടുകൾ തിരിച്ച

പിടിച്ച് പുതിയ വ്യവസായം ആരംഭിക്കാനും ജൽജീവൻ മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ഗ്രാമീണറോഡുകൾ പുന:സ്ഥാപിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ചുനൽകുന്നതിനും റഷ്യ-യുക്രൈൻ സംഘർഷത്തിന്റെ ഭാഗമായി നാട്ടിലേയ്ക്ക് വന്ന വിദ്യാർത്ഥികളുടെ സംരക്ഷണവും തുടർപഠനവും സാധ്യമാക്കുന്നതിനും കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ താലൂക്ക് ആശുപത്രിയടക്കമുള്ള പ്രവൃത്തികൾക്ക് പ്രവർത്തനാനുമതി നൽകുന്നതിനും ആയുർവേദ സർവ്വകലാശാല സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. റീബിൽഡ് കേരള, നവകേരളം, ലൈഫ് മിഷൻ എന്നിവയ്ക്കായി അനുവദിച്ച തുക ചെലവഴിക്കാത്തതും കോവിഡ് വ്യാപനം കാരണം പ്രതിസന്ധിയിലായ ചെറുകിട കച്ചവടക്കാർക്കും പ്രവാസികൾക്കും ആശ്വാസ പദ്ധതികൾ ഉണ്ടാകാത്തതും അപലപനീയമാണ്. ബസ് ചാർജ്ജും വെള്ളക്കരവും വർദ്ധിപ്പിക്കാനുള്ള തീരുമാനം പ്രതിഷേധാർഹമാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വർത്തമാനകാലത്തെ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് വിജ്ഞാനത്തിന്റെയും വികസനത്തിന്റേതുമായ ഒരു പുതിയ കാലഘട്ടത്തിലേയ്ക്ക് സംസ്ഥാനത്തെ നയിക്കുവാൻ പര്യാപ്തമായ ഒട്ടേറെ നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ

ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രാഫീൻ സംബന്ധിച്ചുള്ള ഗവേഷണ പരീക്ഷണങ്ങൾക്കായി 15 കോടി രൂപ വകയിരുത്തിയതും മഹാമാരിയുടെ പശ്ചാത്തലത്തിൽ മൈക്രോബയോമുകൾപോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതും അഭിനന്ദനാർഹമാണ്.

ശ്രീമതി കെ. കെ. രമ: ബഡ്ജറ്റിനെ എതിർക്കുന്നു. കേരള ജനതയ്ക്കുമേൽ ഒരു ലക്ഷം കോടി രൂപയുടെ കടബാധ്യത അധികമായി അടിച്ചേൽപ്പിച്ച ബഡ്ജറ്റാണിത്. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനോ വിലക്കയറ്റം നേരിടുന്നതിനായി പ്രായോഗിക പരിഹാര പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനോ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനോ തകർച്ചയിലായ കാർഷിക സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിനോ ബഡ്ജറ്റിൽ യാതൊന്നും പ്രഖ്യാപിച്ചിട്ടില്ല. മദ്യത്തിന് അടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനായി ജില്ലാതലത്തിൽ ഡീ അഡിക്ഷൻ സെന്ററുകൾ പ്രഖ്യാപിച്ച സർക്കാർ വ്യാപകമായി മദ്യഷോപ്പുകളും ബാറുകളും തുറക്കുന്നത് വിരോധാഭാസമാണ്. ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ ബഡ്ജറ്റിൽ യാതൊരു നിർദ്ദേശങ്ങളുമില്ല. വിദ്യാലയങ്ങളിലെ പാചകത്തൊഴിലാളികളുടെ വേതനവും ഭിന്നശേഷിക്കാരുടെ പെൻഷനും വർദ്ധിപ്പിക്കാനും

കുടിശ്ശികയടക്കം നൽകാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സ്വകാര്യ സംരംഭകർക്കാവശ്യമായ സാങ്കേതിക സഹായവും സ്ഥലസൗകര്യവും നൽകുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ, നാല് സയൻസ് പാർക്കുകൾ എന്നിവ സ്ഥാപിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. കൊച്ചിയിലെ പെട്രോ കെമിക്കൽ കോംപ്ലക്സ് നിർമ്മാണം ത്വരിതഗതിയിലാക്കണം. നാച്വറൽ ഗ്യാസ് അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്കും സ്ഥാപനങ്ങൾക്കും ഊന്നൽ നൽകുകയും എറണാകുളം ജില്ലയിലെ ഇലക്ട്രോണിക് പാർക്കിന്റെ നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യണം. വൈപ്പിൻ മണ്ഡലത്തിലെ ഇൻഡസ്ട്രിയൽ പോർട്ട് പദ്ധതിക്ക് തുക അനുവദിക്കണം. ഗ്രാഫീൻ ഗവേഷണ മേഖലയ്ക്കുവേണ്ടിയുള്ള പ്രഖ്യാപനം അഭിനന്ദനാർഹമാണ്. മുൻകാലങ്ങളിൽ വ്യവസായ ആവശ്യത്തിന് മാറ്റിവയ്ക്കപ്പെട്ട ഭൂമി വ്യവസായ ആവശ്യത്തിനുതന്നെ ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതോടൊപ്പം ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും വേണം. തൃശ്ശൂർ, ആലപ്പുഴ, എറണാകുളം ജില്ലകളിലെ പൊക്കാളി കൃഷിയെയും അതുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത

ഉൽപ്പന്നങ്ങളെയും പ്രോത്സാഹിപ്പിക്കണം. തീരദേശ റോഡ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതോടൊപ്പം വൈപ്പിനിൽ മത്സ്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കാനും നടപടി സ്വീകരിക്കണം. ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യരുടെ വീടും സ്ഥലവും ഏറ്റെടുത്ത് സ്മാരകമാക്കണം. നിലവിലുള്ള ഗോശ്രീ പാലങ്ങൾക്ക് സമാന്തരമായി പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിനും കാർബൺ ബഹിർഗമന അളവ് കുറയ്ക്കുന്നതിന്റെ ഭാഗമായി പൊക്കാളി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര-പൊതുമേഖലാ സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ടുകൾ വിനിയോഗിക്കുന്നതിനും വൈപ്പിൻകരയിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനായി വീരൻപുഴ ഡ്രെഡ്ജ് പ്രോജക്ട് പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

## IX അടിയന്തരപ്രമേയ ചർച്ച

<u>സിൽവർലൈൻ പദ്ധതി</u>

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> അടിയന്തരപ്രമേയ ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സഭാനടപടികൾ നിർത്തിവച്ച് സിൽവർലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട അടിയന്തരപ്രമേയം ചർച്ച ചെയ്യാൻ തീരുമാനിച്ച സർക്കാർ നടപടി സ്വാഗതാർഹമാണ്. കേരളത്തെ പാരിസ്ഥിതികമായും സാമ്പത്തികമായും തകർക്കുന്ന കെ-റെയിൽ പദ്ധതിക്ക് കല്ലിടുന്നതിനെതിരെ കേരളത്തിലുടനീളം നടക്കുന്ന പ്രതിഷേധത്തെ മനുഷ്യത്വരഹിതവും ജനാധിപത്യവിരുദ്ധവുമായാണ് സർക്കാർ നേരിടുന്നത്. കേരള സർവ്വേ ആൻഡ് ബൗണ്ടറീസ് ആക്ടുപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാതെയാണ് കല്ലുകൾ സ്ഥാപിക്കുന്നത്. കോവിഡ് പ്രതിസന്ധികാലത്ത് സിൽവർലൈൻ പോലുള്ള പദ്ധതി സംസ്ഥാനത്ത് ആവശ്യമുണ്ടോയെന്നത് ചിന്തിക്കണം. 137 കി.മീ. നെൽവയലിൽക്കൂടി കടന്നുപോകുന്ന ഈ പദ്ധതി പാരിസ്ഥിതികമായി വിനാശമുണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. പൗരപ്രമുഖരുമായി നടന്ന ചർച്ചയിൽ ജലഉപഭോക്തൃ തണ്ണീർത്തട സംരക്ഷണ സമിതിയുമായി ബന്ധപ്പെട്ട ആളുകളെ പങ്കെടുപ്പിച്ചിട്ടുണ്ടോയെന്നും സിൽവർലൈൻ പദ്ധതിക്കായുള്ള മെറ്റീരിയൽസ് കണ്ടെത്തുന്നത് എവിടെനിന്നാണെന്നും ബ്രോഡ്ഗേജായി തുടങ്ങിയ പദ്ധതി സ്റ്റാൻഡേർഡ് ഗേജായി മാറിയതെങ്ങനെയെന്നും വ്യക്തമാക്കണം. കേരളത്തെ സാമ്പത്തികമായും

സാമൂഹികമായും പാരിസ്ഥിതികമായും തകർക്കുന്ന വികസനവുമായി യാതൊരു ബന്ധവുമില്ലാത്ത കെ-റെയിൽ പദ്ധതി ഉപേക്ഷിക്കാൻ സർക്കാർ തയ്യാറാകണം.

ശ്രീ. എ. എൻ. ഷംസീർ: 2025-ഓടുകൂടി പൂർത്തീകരിക്കാനുദ്ദേശിക്കുന്ന കെ-റെയിൽ പദ്ധതി ജോയിന്റ് വെഞ്ച്വർ കമ്പനിയിലൂടെ നടപ്പിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. സിൽവർ ലൈൻ പദ്ധതി വരുന്നതോടുകൂടി ഗതാഗതക്കുരുക്കിന് പരിഹാരം കാണാനും വാഹനാപകടങ്ങളുടെ തോത് കുറയ്ക്കാനും ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാനും കാർബൺ ബഹിർഗമനം കുറയ്ക്കാനും സാധിക്കും. ഈ പദ്ധതിക്കാവശ്യമായ തുക ജപ്പാൻ ഏജൻസിയായ JICA (Japan International Co operation Agency) വഴി കുറഞ്ഞ പലിശയ്ക്ക് വായ്പയെടുത്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. സിൽവർ ലൈൻ വരുന്നതുകൊണ്ട് പരിസ്ഥിതിക്കോ കോൾനിലങ്ങൾക്കോ യാതൊരുവിധ പ്രശ്നങ്ങളുമുണ്ടാകാൻ സാധ്യതയില്ല. ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് അവിടത്തെ വാല്യൂ നിശ്ചയിച്ച് ഇരട്ടി തുക നൽകാനും പണം ലഭിക്കാൻ വൈകിയാൽ 12 ശതമാനം പലിശയോടുകൂടി നൽകാനുമാണ് തീരുമാനിച്ചിട്ടുള്ളത്. എല്ലാ തലത്തിലുള്ള ജനങ്ങളെയും അഭിസംബോധന

ചെയ്തുകൊണ്ടും പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുമാണ് സർക്കാർ ഈ പദ്ധതിയുമായി മുന്നോട്ടുപോകുന്നത്. സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ എതിർക്കുന്ന പ്രതിപക്ഷ നിലപാട് അപലപനീയമാണ്.

ശ്രീ. രമേശ് ചെന്നിത്തല: കെ-റെയിൽ പദ്ധതി വരുന്നതോടുകൂടി ആയിരക്കണക്കിന് ആളുകളുടെ ജീവനോപാധികളും സ്ഥലവും വീടുമാണ് നഷ്ടപ്പെടുന്നത്. നിലവിലുള്ള റെയിൽവേ ലൈനിന്റെ വളവുകളും സിഗ്നൽ സംവിധാനവും ശരിയാക്കിയാൽ തിരുവനന്തപുരം മുതൽ കാസർഗോഡുവരെ അഞ്ചുമണിക്കൂർ കൊണ്ട് യാത്ര ചെയ്യാവുന്ന സാഹചര്യമുള്ളപ്പോൾ ആയിരക്കണക്കിനാളുകളെ വഴിയാധാരമാക്കുന്ന പദ്ധതിയുമായി മുന്നോട്ടുപോകണമോയെന്ന് സർക്കാർ ആലോചിക്കേണ്ടതാണ്. വിദേശ വായ്പ ലഭ്യമാക്കുന്ന 'ജൈക്ക'യുടെ താല്പര്യം സംരക്ഷിക്കാനാണ് സ്റ്റാന്റേർഡ് ഗേജിൽ സിൽവർ ലൈൻപാത നിർമ്മിക്കാനുള്ള തീരുമാനമെടുത്തത്. പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ തത്വത്തിലുള്ള അനുമതി ലഭിച്ചുവെന്ന പ്രചരണം തെറ്റാണ്. പാരിസ്ഥിതികാഘാതം സംബന്ധിച്ച പഠനം നടത്താതെയാണ് പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുന്നത്.

ശ്രീ. പി. എസ്. സുപാൽ: സംസ്ഥാന വികസനത്തിന് കുതിപ്പേകുന്ന പദ്ധതിയാണ് കെ-റെയിൽ. പാരിസ്ഥിതികാഘാതം സംബന്ധിച്ച പഠനം

നടത്തിയും ജനങ്ങളുടെ ആശങ്കകൾ അകറ്റിയും കെ-റെയിൽ നടപ്പിലാക്കുമെന്ന പ്രഖ്യാപനം ശ്ലാഘനീയമാണ്. കേന്ദ്ര ഗവൺമെന്റിന്റെ തത്വത്തിലുള്ള അനുമതി പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. കേരളത്തിന്റെ റെയിൽവേ മേഖലയുടെ വികസന കാര്യത്തിൽ നിഷേധാത്മക നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിച്ചും അർഹതപ്പെട്ട ജി.എസ്.ടി. വിഹിതം നിഷേധിച്ചും കേരളത്തിന്റെ വികസനം തടസ്സപ്പെടുത്തുന്ന കേന്ദ്ര ഗവൺമെന്റ് നിലപാടുകളോട് അനുകൂലമായ സമീപനമാണ് കോൺഗ്രസും സ്വീകരിക്കുന്നത്.

ഡോ. എം. കെ. മുനീർ: കെ-റെയിൽ സാമൂഹികാഘാത പഠനത്തിന്റെ പേരിൽ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. പ്രസ്തുത പദ്ധതി കേരളത്തെ എങ്ങനെ ബാധിക്കുമെന്നുള്ളത് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ സാമ്പത്തികമായി തകർക്കുന്നതും രണ്ടായി തിരിക്കുന്നതുമായ ടി പ്രോജക്ടിൽ നിന്ന് സർക്കാർ പിൻമാറണം.

ശ്രീ. ജോബ് മൈക്കിൾ: കേരളജനതയുടെ സ്വപ്നപദ്ധതിയായ കെ-റെയിലിന് യാത്രാസൗകര്യത്തിലുള്ള ബുദ്ധിമുട്ട് പരിഹരിക്കാനും റോഡപകടങ്ങൾ കുറയ്ക്കാനും കഴിയും. കാസർഗോഡ് മുതൽ

തിരുവനന്തപുരംവരെയുള്ള ജില്ലകളെ ബന്ധിപ്പിക്കുന്ന പ്രസ്തുത പദ്ധതിക്ക് തുരങ്കംവയ്ക്കുന്ന പ്രവർത്തനങ്ങളിൽനിന്ന് പിന്മാറാൻ പ്രതിപക്ഷം തയ്യാറാകണം. ജനങ്ങൾക്കും പരിസ്ഥിതിക്കും ദോഷമില്ലാത്തവിധത്തിൽ കെ-റെയിൽ പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകണം.

ശ്രീ. പി. ജെ. ജോസഫ് : ഭൗമശാസ്ത്ര-ജിയോടെക്നിക്-ഹൈഡ്രോളജിക്കൽ-അന്തിമ ലൊക്കേഷൻ സർവ്വേകൾ നടത്താതെയാണ് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. വെള്ളക്കെട്ട് അടക്കമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്ന കെ-റെയിൽ പദ്ധതിക്കുപകരം എക്സ്പ്രസ് ഹൈവേപോലുള്ള സംവിധാനങ്ങളും വന്ദേ ഭാരത് ട്രെയിനുകൾക്കുവേണ്ട സാഹചര്യവുമൊരുക്കി ജനങ്ങളുടെ യാത്രാസൗകര്യവും കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിന് സർക്കാർ പുനർചിന്തനം നടത്തണം.

ശ്രീ. കെ. പി. മോഹനൻ: കെ-റെയിൽ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽനിന്നും അനുമതി നേടിയെടുക്കാൻ കേരളത്തിലെ എം.പി.-മാർക്ക് കഴിയണം. ഭൂമി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതോടൊപ്പം അവരുടെ പ്രദേശങ്ങളിൽത്തന്നെ താമസസൗകര്യം ലഭ്യമാക്കുന്ന നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: കെ-റെയിൽ പദ്ധതി സുസ്ഥിര വികസനത്തിന്റെ ഭാഗമല്ല. സിൽവർലൈൻ പദ്ധതി പരിസ്ഥിതിലോല പ്രദേശങ്ങളിലൂടെ കടന്നുപോകുമെന്നിരിക്കെ, വന്ദേ ഭാരത് പദ്ധതി, നിലവിലുള്ള റെയിൽവേ ലൈനിന്റെ വളവ് നിവർത്തുന്നതിനുള്ള നടപടി തുടങ്ങി മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കണം. പദ്ധതിച്ചെലവ് എത്രയാകുമെന്ന് പറയാൻ സാധിക്കാത്ത ടി പദ്ധതി സംസ്ഥാനത്തെ വലിയ സാമ്പത്തിക ബാധ്യതയിലേയ്ക്ക് നയിക്കും.

<u>ശ്രീ. വി. ജോയി:</u> കേരളത്തെ ഇന്ത്യയിലെ മികച്ച സംസ്ഥാനമാക്കുന്നതിനുള്ള പരിശ്രമത്തിന്റെ ഭാഗമായാണ് കെ-റെയിൽ പദ്ധതി പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുന്നത്. ജനങ്ങളുടെ ആശങ്കകളകറ്റി സംസ്ഥാനത്തിന്റെ സമൂലമായ വികസനത്തിനാണ് സർക്കാർ ശ്രമിക്കുന്നത്. ജനങ്ങൾക്കുപയോഗപ്രദമായിട്ടുള്ള വികസന പ്രവർത്തനങ്ങളെ എതിർക്കുന്ന സമീപനം പ്രതിപക്ഷം സ്വീകരിക്കുന്നത് പ്രതിഷേധാർഹമാണ്.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: ആവശ്യമായ പരിശോധനയും സാങ്കേതിക ശാസ്ത്രീയപഠനങ്ങളും നടത്തിയാണ് കേരളത്തിന്റെ അഭിമാനപദ്ധതിയായ സിൽവർ ലൈൻ പ്രഖ്യാപിച്ചിരിക്കുന്നത്.

സംസ്ഥാനത്തിന്റെ സാമ്പത്തിക, സാമൂഹിക, വ്യാവസായിക പുരോഗതിയുടെ രജതരേഖയാകുന്ന ഈ പദ്ധതിക്ക് ശക്തികൂട്ടുകയാണ് നാം ചെയ്യേണ്ടത്.

ശ്രീ. തോമസ് കെ. തോമസ്: സംസ്ഥാനത്തിന്റെ വികസനത്തിനുതകുന്ന സിൽവർ ലൈൻ പദ്ധതി നടപ്പിലാക്കാൻ കേരളത്തിലെ ജനങ്ങളുടെ പൂർണ്ണ പിന്തുണ ലഭിക്കും.

ഡോ. കെ. ടി. ജലീൽ: കേരളത്തിന്റെ സ്വപ്നപദ്ധതിയായ സിൽവർ ലൈൻ പദ്ധതി സംസ്ഥാനത്ത് സാക്ഷാത്കരിക്കപ്പെടും. കേരള റെയിൽ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന സിൽവർ ലൈൻ പദ്ധതി യാഥാർത്ഥ്യമാകുന്നതോടുകൂടി ഗതാഗതക്കുരുക്ക് ഒഴിവാക്കാനും പരിസര മലിനീകരണം കുറയ്ക്കാനും സാധിക്കും. തിരൂരിനും കാസർഗോഡിനുമിടയിൽ നിലവിലുള്ള റെയിൽപ്പാതയ്ക്ക് സമാന്തരമായാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. സ്ഥലമേറ്റെടുക്കലുൾപ്പെടെ 63941 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ടി പദ്ധതി യാഥാർത്ഥ്യമായാൽ വ്യാവസായിക-സാങ്കേതിക-ടൂറിസം മേഖലകളിൽ വൻവളർച്ചയുണ്ടാകുമെന്നത് വസ്തുതയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ജനങ്ങളെയാകെ ദോഷകരമായി ബാധിക്കുന്ന പദ്ധതിയാണിത്. ടി പദ്ധതി പ്രാവർത്തികമാകുന്നതോടെ പാരിസ്ഥിതിക-സാമൂഹിക-സാമ്പത്തിക-പൊതുഗതാഗത സംവിധാനമുൾപ്പെടെ തകരുമെന്നതിൽ സംശയമില്ല. ഇക്കണോമിക് വയബിലിറ്റി സംബന്ധിച്ച് പഠനം നടത്താത്തത് ഖേദകരമാണ്. കേരളത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുയോജ്യമായ പദ്ധതിയല്ല സിൽവർ ലൈൻ. ടി പദ്ധതി സാമ്പത്തികമായി ഗുണകരമാണോയെന്ന് പഠനം നടത്താതെ ഡാറ്റയിൽ കൃത്രിമം കാണിച്ച് പദ്ധതി ലാഭകരമാണെന്ന് വരുത്താനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. പ്രസ്തുത പദ്ധതി അശാസ്ത്രീയവും അപ്രായോഗികവുമാണെന്നാണ് പഠനത്തിലൂടെ മനസ്സിലാക്കാൻ സാധിച്ചത്. ഇതുമായി ബന്ധപ്പെട്ട സമരങ്ങളെ അടിച്ചമർത്താൻ സർക്കാർ നടത്തുന്ന ശ്രമങ്ങൾ ജനാധിപത്യവിരുദ്ധമാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സിൽവർ ലൈൻ പദ്ധതി ഇല്ലാതാക്കാനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്. ഇതുമായി ബന്ധപ്പെട്ട് യാതൊരുവിധ ആശങ്കയുടെയും ആവശ്യമില്ല. പദ്ധതി വളരെവേഗം പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ടി പദ്ധതി

സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുമെന്ന പ്രചരണം വസ്തുതാവിരുദ്ധമാണ്. പ്രതിസന്ധികൾക്കിടയിലും സംസ്ഥാനത്തിന്റെ തനത് നികുതി വരുമാന വളർച്ച 10 ശതമാനമായി നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്. തനത് നികുതി വരുമാനത്തിന്റെ നിശ്ചിത ശതമാനം പശ്ചാത്തല സൗകര്യവികസനത്തിനായി നീക്കിവച്ചതിന്റെ ഗുണഫലങ്ങൾ കേരളത്തിലുടനീളം ദൃശ്യമാണ്. പദ്ധതിക്കാവശ്യമായ തുക റവന്യൂ വരുമാനത്തിൽനിന്നും കണ്ടെത്താൻ പ്രയാസമായതിനാൽ 40 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ വിദേശ നാണ്യനിരക്കിന് വിധേയമായി 0.2 മുതൽ 1.5 ശതമാനം വരെ വാർഷിക പലിശനിരക്കിൽ എസ്.പി.വി. മുഖാന്തരം വായ്പയെടുക്കാനാണുദ്ദേശിക്കുന്നത്. സംസ്ഥാനത്തിന്റെ ഭാവി കണക്കിലെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിനാണ് പ്രാമുഖ്യം കൊടുക്കേണ്ടത്. സിൽവർ ലൈൻ യാഥാർത്ഥ്യമാകുന്നതോടെ പശ്ചിമഘട്ടം തകർക്കപ്പെടുമെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. പരിസ്ഥിതിലോല പ്രദേശങ്ങളിലൂടെയോ പരിസ്ഥിതി ദുർബല പ്രദേശങ്ങളായ വനമേഖലയിലൂടെയോ പദ്ധതി അലൈൻമെന്റ് കടന്നുപോകുന്നില്ലെന്നതും മേൽപ്പാലങ്ങളിലൂടെ സിൽവർ ലൈൻ കടന്നുപോകുന്നതിനാൽ കൃഷിഭൂമിക്ക് നാശനഷ്ടമുണ്ടാക്കുന്നില്ലായെന്നതും

ഗുണപ്രദമാണ്. കാർബൺ ബഹിർഗമനവും പാരിസ്ഥിതികാഘാതവും താരതമ്യേന കുറവുള്ള യാത്രാ സംവിധാനമാണ് സിൽവർ ലൈൻ. കെ-റെയിൽ കോർപ്പറേഷൻ സിൽവർ ലൈനിനായി പാരിസ്ഥിതിക ആഘാതപഠനം നടത്തിയിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ അടിപ്പാതകളും കൾവെർട്ടുകളും സ്ഥാപിച്ച് പ്രദേശവാസികൾക്ക് റെയിൽവേ ലൈൻ മുറിച്ചുകടക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുന്നതോടൊപ്പം ആരാധനാലയങ്ങൾ, പാടങ്ങൾ, കാവുകൾ എന്നിവയെ പരമാവധി സംരക്ഷിക്കുകയും ചെയ്യും. ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും പുനരധിവാസം ഉറപ്പുവരുത്തുന്നതിനുമുൾപ്പെടെയുള്ള ചെലവുകൾ പദ്ധതിയിൽ വിഭാവന ചെയ്തിട്ടുണ്ട്. പ്രതിപക്ഷം സങ്കുചിതമായ രാഷ്ട്രീയലക്ഷ്യം മാറ്റിവച്ച് അനുകൂല നിലപാട് സ്വീകരിക്കണം. പ്രസ്തുത പദ്ധതിയിലൂടെ സമയവും ഇന്ധനവും പണവും ലാഭിക്കാൻ സാധിക്കും. ഇത് കാലഹരണപ്പെട്ട സാങ്കേതികവിദ്യയാണെന്നുള്ള പ്രതിപക്ഷത്തിന്റെ വാദം അടിസ്ഥാനരഹിതമാണ്. ഇന്ത്യൻ റെയിൽവേ നിലവിൽ ഉപയോഗിക്കുന്ന ഇലക്ട്രിഫിക്കേഷൻ ടെക്നോളജിയുടെ ഒരു മികച്ച രൂപവും റെയിൽവേ ട്രാൻസ്പോർട്ടേഷൻ രംഗത്തെ സുരക്ഷിതമായ ഇ.റ്റി.സി.എസ്. ലെവൽ-2 എന്ന സിഗ്നലിംഗ് സംവിധാനവുമാണ് ഇതിനുവേണ്ടി ഉപയോഗിക്കുന്നത്.

സംസ്ഥാനത്തിന്റെ ഉയർച്ചയ്ക്കുതകുന്ന ഈ പദ്ധതി സർക്കാർ നടപ്പാക്കും. സിൽവർ ലൈൻ പദ്ധതി നാടിന്റെ വികസനത്തിനാവശ്യമായതിനാൽ അത് പ്രവൃത്തിപഥത്തിലെത്തിക്കുന്നതിന് എല്ലാവിധ പിന്തുണയും സഹകരണവും എല്ലാവരുടെയും ഭാഗത്തുനിന്നുണ്ടാകണം.

(മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷമൊന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെ പ്രവേശിക്കുകയും ചെയ്തു.)

പ്രമേയം സഭ നിരാകരിച്ചു.

## 2022-2023 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച (തുടർച്ച)

ശ്രീ. കോവൂർ കുഞ്ഞുമോൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ ഭാവി വികസനത്തിനുതകുന്ന പദ്ധതികളാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. കൊല്ലം ജില്ലയിലെ അടഞ്ഞുകിടക്കുന്ന മുഴുവൻ കശുവണ്ടി ഫാക്ടറികളും തുറന്നുപ്രവർത്തിപ്പിക്കണം. ആരോഗ്യമേഖലയ്ക്ക് 2269 കോടി രൂപയും വിദ്യാഭ്യാസമേഖലയ്ക്കായി 2546.07 കോടി രൂപയും വകയിരുത്തിയത് സ്വാഗതാർഹമാണ്. കാർഷിക മേഖലയിൽ വിപ്ലവകരമായ മാറ്റം വരുത്തുന്നതിനും പൊതുവിതരണ ശൃംഖല

ശക്തിപ്പെടുത്തുന്നതിനും തുക വകയിരുത്തിയതും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി 1405 കോടി രൂപയും സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി കുടുംബശ്രീക്ക് 500 കോടി രൂപയും വകയിരുത്തിയതും അഭിനന്ദനാർഹമാണ്. അങ്കണവാടി മെനുവിൽ പാലും മുട്ടയും ഉൾപ്പെടുത്തിയത് ശ്ലാഘനീയമാണ്. കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലേയും പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ സഞ്ചരിക്കുന്ന റേഷൻ കടകൾ ആരംഭിക്കുന്നതും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റൽ മെസ്സ് അലവൻസ് വർദ്ധിപ്പിച്ചതും ശ്രദ്ധേയമാണ്. ആശാവർക്കർമാരുടെയും അങ്കണവാടി ജീവനക്കാരുടെയും ഓണറേറിയം വർദ്ധിപ്പിക്കണം. അഷ്ടമുടി കായലിന്റെ സംരക്ഷണത്തിനായി കൂടുതൽ തുക അനുവദിക്കുന്നതോടൊപ്പം ശക്തമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ഐ. ബി. സതീഷ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഭൂപരിഷ്കരണം, പൊതുവിതരണം, പൊതുവിദ്യാഭ്യാസം എന്നീ മേഖലയ്ക്ക് മുന്തിയ പരിഗണന നൽകുന്ന ബഡ്ജറ്റാണിത്. കേന്ദ്രസർക്കാർ നൽകിവരുന്ന ജി.എസ്.ടി. നഷ്ടപരിഹാരം അവസാനിപ്പിക്കാൻ

ശ്രമിക്കുന്നതും ഭക്ഷ്യസബ്സിഡി ഇനത്തിലും മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലും കുറവ് വരുത്തിയ നടപടിയും പ്രതിഷേധാർഹമാണ്. പട്ടികജാതി വിഭാഗങ്ങളുടെയും ഗോത്രവർഗ്ഗ വിഭാഗങ്ങളുടെയും സമഗ്രവികസനത്തിനും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്കും ഗ്രാഫീൻ ഗവേഷണ-പരീക്ഷണങ്ങൾക്കും തുക വകയിരുത്തിയത് ശ്രദ്ധേയമാണ്. വിദ്യാഭ്യാസ മേഖലയിൽ വികസന പ്രവർത്തനങ്ങൾക്കായുള്ള പ്രഖ്യാപനങ്ങളും ടൂറിസം മേഖലയെ സജീവമാക്കാനുള്ള പ്രഖ്യാപനങ്ങളും സ്വാഗതാർഹമാണ്. വിളപ്പിൽശാലയിൽ നിർമ്മിക്കുന്ന ഡോ. എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല ആസ്ഥാനത്തോട് ചേർന്ന് സ്കിൽ പാർക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഡോ. മാത്യു കുഴൽനാടൻ: ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിലും നികുതിയേതര വരുമാനത്തിലും കുറവ് വന്നത് സംബന്ധിച്ച് വ്യക്തമാക്കണം. കാർഷിക മേഖലയെ പാടെ അവഗണിച്ച ബഡ്ജറ്റാണിത്. കർഷകന് കടാശ്വാസം നൽകുന്നതിനോ കൃഷിക്ക് ഉത്തേജനം നൽകുന്നതിനോ ഉള്ള പ്രഖ്യാപനങ്ങൾ ഉൾപ്പെടുത്താൻ തയ്യാറാകാത്തത് പ്രതിഷേധാർഹമാണ്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തൊട്ടാകെ സ്വീവറേജ് പദ്ധതി നടപ്പാക്കുന്നതിന് തുക വകയിരുത്തണം. വിദ്യാഭ്യാസ നിലവാര സൂചികയിൽ ഒന്നാമതെത്തിയതും ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനമെന്ന നിലയിൽ നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ ഒന്നാം സ്ഥാനം നിലനിർത്തിയതും വികസനക്ഷേമരംഗങ്ങളിൽ നേട്ടം കൈവരിക്കാൻ സാധിച്ചുവെന്നതിന് തെളിവാണ്. കേരളത്തെ വികസനത്തിന്റെ നെറുകയിലെത്തിക്കുന്ന കെ-റെയിൽ പദ്ധതി പ്രാവർത്തികമാക്കാൻ പരിശ്രമിക്കണം. കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി പ്രവൃത്തിപഥത്തിലെത്തിച്ചതും തിരുവനന്തപുരം ക്യാപിറ്റൽ സിറ്റി റീജിയണൽ ഡെവലപ്പ്മെന്റ് പദ്ധതിക്ക് കേന്ദ്രാനുമതി നേടിയെടുത്തതും നോളഡ്ജ് മിഷൻ വഴി 35 ലക്ഷം പേർക്ക് നൈപുണ്യ പരിശീലനം നൽകി തൊഴിൽ സാധ്യത മികവുറ്റതാക്കുന്നതിന് പദ്ധതികളാവിഷ്കരിച്ചതും കോവിഡാനന്തരമുണ്ടായ ആരോഗ്യ-സാമ്പത്തിക-സാമൂഹിക വെല്ലുവിളികൾ നേരിടുന്നതിന് സാമ്പത്തിക പാക്കേജുകൾ പ്രഖ്യാപിച്ചതും സ്വാഗതാർഹമാണ്. ദേശീയപാതാ വികസനം, വ്യവസായ പാർക്കുകൾ തുടങ്ങിയ അടിസ്ഥാന വികസന പദ്ധതികൾക്ക് തുക അനുവദിച്ച നടപടി

ശ്ലാഘനീയമാണ്. കോഴിക്കോട് ആധുനികരീതിയിലുള്ള ത്വക്ക് രോഗാശുപത്രി ആരംഭിക്കുന്നതിനും മെഡിക്കൽ കോളേജിൽ നിയോനാറ്റോളജി വിഭാഗത്തിൽ പ്രഗത്ഭരായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനും സർക്കാർ ജീവനക്കാർക്ക് താമസിക്കുന്നതിനായി മൾട്ടി സ്റ്റോറീഡ് ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എച്ച്. സലാം: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. നവകേരള സൃഷ്ടിക്ക് കുതിപ്പേകുന്നതും ദീർഘകാല കാഴ്ചപ്പാടോടുകൂടിയതും കേരളത്തിന്റെ ഭാവി വികസനത്തിനുതകുന്നതുമായ ബഡ്ജറ്റാണിത്. 25 വർഷംകൊണ്ട് ജനങ്ങളുടെ ജീവിത നിലവാരം വികസിത രാജ്യങ്ങളുമായി കിടപിടിക്കത്തക്ക രൂപത്തിലുള്ള കാലോചിതമായ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. ലൈഫ് പദ്ധതിയിലൂടെ പുതിയ വീടുകളും ഫ്ലാറ്റുകളും നിർമ്മിച്ച് ഭവനരഹിതരില്ലാത്ത കേരളം പടുത്തുയർത്തുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്. എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടിയുള്ള പദ്ധതികൾക്കായി തുക വകയിരുത്തിയതും വിവാഹ ധനസഹായം, പ്രീ-മെട്രിക് ഫീസ് തുടങ്ങിയവ വർദ്ധിപ്പിച്ചതും വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകൾ വികസിപ്പിക്കുന്നതിനും റീജിയണൽ കാൻസർ സെന്ററിനെ മികവുറ്റതാക്കുന്നതിനുമാവശ്യമായ തുക മാറ്റിവച്ചതും ഹെൽത്ത്

സെന്റർ മുതൽ മെഡിക്കൽ കോളേജുവരെയുള്ള ആരോഗ്യ സംവിധാനത്തെ മെച്ചപ്പെടുത്താനുള്ള പദ്ധതികളാവിഷ്കരിച്ചതും അഭിനന്ദനാർഹമാണ്. വികേന്ദ്രീകൃതമായ ചികിത്സാ സംവിധാനം മെച്ചപ്പെടുത്താനും ആലപ്പുഴ മെഡിക്കൽ കോളേജിലെ കാൻസർ വിഭാഗം മറ്റു ജില്ലകളിലുള്ള രോഗികൾക്കുകൂടി പ്രാപ്യമാക്കുന്ന രീതിയിൽ വികസിപ്പിക്കാനുമുള്ള സാധ്യത പരിശോധിക്കണം. ആധുനിക സ്കൂൾ കെട്ടിടങ്ങൾ, മെച്ചപ്പെട്ട ആരോഗ്യ സംവിധാനങ്ങൾ, വൻകിട റോഡ് പദ്ധതികൾ, തീരദേശ സംരക്ഷണം എന്നിവ ഈ ഗവൺമെന്റിന്റെ വികസനോന്മുഖമായ പ്രവർത്തനങ്ങൾക്ക് മാതൃകയാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ്, ജി.എസ്.ടി. നഷ്ടപരിഹാരം എന്നീ ഇനങ്ങളിലുള്ള 15,000 കോടി രൂപയുടെ കേന്ദ്ര ധനസഹായം നഷ്ടമാകുമെന്നത് മുന്നിൽക്കണ്ട് സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള പദ്ധതികളൊന്നും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. കാസർഗോഡ് ജില്ലയിലെ ടൂറിസം മേഖലയ്ക്കും കാസർഗോഡ് പാക്കേജിനും തുക അനുവദിക്കണം. എൻഡോസൾഫാൻ പാക്കേജിന്റെ ഭാഗമായി അനുവദിച്ച തുകയുടെ 80 ശതമാനവും വനിതാ ഗുണഭോക്താക്കൾക്കുമാത്രം

പ്രയോജനപ്പെടുത്താമെന്ന പ്രഖ്യാപനം പുനഃപരിശോധിക്കണം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനം നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാനും നവകേരളം കെട്ടിപ്പടുക്കാനുമുതകുന്ന ബഡ്ജറ്റാണിത്. പ്രകൃതി ദുരന്തങ്ങളും കോവിഡും കാരണമുള്ള സാമ്പത്തിക പ്രതിസന്ധിക്കിടയിലും സാമൂഹ്യക്ഷേമ പെൻഷൻ മുടങ്ങാതെ വിതരണം ചെയ്യാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ വിഹിതം വെട്ടിക്കുറച്ച നടപടി അപലപനീയമാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കുന്ന കേന്ദ്ര സർക്കാർ നയത്തിൽ നിന്നും വ്യത്യസ്തമായി അവയെ സംരക്ഷിക്കാനുതകുന്ന പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നത്. നീതി ആയോഗിന്റെ ആരോഗ്യ സൂചികയിലും മികച്ച ഭരണനിർവ്വഹണം നടക്കുന്ന സംസ്ഥാനമെന്ന നിലയിലും നേട്ടങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. വിലക്കയറ്റം പിടിച്ചുനിർത്താൻ 2000 കോടി രൂപ അനുവദിച്ചതും നെല്ലിന്റെ താങ്ങുവില 28.20 രൂപയായി ഉയർത്തിയതും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ ആരംഭിക്കുന്നതും സിയാൽ മോഡലിൽ മാർക്കറ്റിംഗിനുള്ള പദ്ധതി നടപ്പിലാക്കാനെടുത്ത തീരുമാനവും ശ്ലാഘനീയമാണ്. കോവിഡ് കാരണം

പ്രതിസന്ധി നേരിടുന്ന വിനോദസഞ്ചാര മേഖലയിൽ കാരവാൻ ടൂറിസമുൾപ്പെടെ നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചു. സിൽവർ ലൈൻ പദ്ധതിയെ എതിർക്കുന്ന നിലപാട് പ്രതിപക്ഷം തിരുത്തണം.

ശ്രീ. റോജി എം. ജോൺ : ബഡ്ജറ്റിനെ എതിർക്കുന്നു. യാഥാർത്ഥ്യ ബോധമില്ലാത്തതും നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ ക്രിയാത്മക നിർദ്ദേശങ്ങളില്ലാത്തതുമായ ബഡ്ജറ്റാണിത്. ക്ഷേമ പെൻഷൻ വർദ്ധനവിനെക്കുറിച്ചോ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനോ യാതൊരു മാർഗ്ഗനിർദ്ദേശങ്ങളും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായവർക്കും കൃഷിനാശം സംഭവിച്ചവർക്കും നഷ്ടപരിഹാരം നൽകാൻ കഴിയാത്തത് ഖേദകരമാണ്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് വേതനം നൽകാത്തതും റീബിൽഡ് കേരള പദ്ധതി വഴി ലഭിച്ച ആയിരക്കണക്കിന് കോടി രൂപ വകമാറ്റി ചെലവഴിച്ചതും അപലപനീയമാണ്.

ശ്രീ. പി. നന്ദകുമാർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. നവകേരള സൃഷ്ടി എങ്ങനെയെന്ന് വ്യക്തമാക്കുന്നതും കാർഷിക മേഖലയെയും സാംസ്കാരിക മേഖലയെയും പ്രോത്സാഹിപ്പിക്കുന്നതുമായ ബഡ്ജറ്റാണിത്. വൈജ്ഞാനിക മേഖലയെ സമ്പുഷ്ടമാക്കാനുള്ള ഇടപെടൽ അഭിനന്ദനാർഹമാണ്.

വ്യവസായ മേഖലയിൽ കൂടുതൽ ഇൻവെസ്റ്റ്മെന്റ് നടത്താനും എം.എസ്.എം.ഇ (Micro, Small and Medium Enterprise)-യെ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം. യുക്രൈനിൽ അകപ്പെട്ട വിദ്യാർത്ഥികളെ സംരക്ഷിക്കാൻ കേരള ഗവൺമെന്റ് കൈക്കൊണ്ട നടപടി അഭിനന്ദനാർഹമാണ്. ഗിഗ് തൊഴിലാളികളെയും അങ്കണവാടി ജീവനക്കാർ/ആശാവർക്കർമാരെയും സഹായിക്കുന്ന പ്രഖ്യാപനങ്ങളുണ്ടാകണം. മോട്ടോർ വാഹന മേഖലയിൽ ഏർപ്പെടുത്തിയിട്ടുള്ള ഹരിത നികുതി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

(സഭ വൈകുന്നേരം 5.49-ന് പിരിഞ്ഞു.)

******